**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 569 — 25-10-2011-ൽ മറുപടിക്ക്

## ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ :<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി :<br>ശ്രീ. പി.ബി.അബ്ദുൾ റസാക് :<br>ശ്രീ. മഞ്ഞളാംകുഴി അലി : | പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) |
| എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, പ്രത്യേകിച്ചും പ്രൊഫഷണൽ സ്ഥാപനങ്ങളിൽ റാഗിംഗ് ഉണ്ടാവുന്നില്ലെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, പ്രത്യേകിച്ചുംപ്രൊഫഷണൽ സ്ഥാപനങ്ങളിൽ റാഗിംഗ്നിരോധനം നടപ്പാക്കാൻ കോളേജ്തലത്തിൽ ആന്റി റാഗിംഗ് കമ്മിറ്റിയും ആന്റിറാഗിംഗ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് റാഗിംഗ് നിരോധന നടപടികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ഏതെങ്കിലും തരത്തിൽ റാഗിംഗിന് വിധേയരാകുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെടേണ്ട ആന്റി റാഗിംഗ് സ്ക്വാഡ് അംഗങ്ങളുടെയും കോളേജ് അധികാരികളുടെയും ഫോൺ നമ്പരുകളും, മൊബൈൽ നമ്പരുകളും മറ്റു വിവരങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മാത്രമല്ല റാഗിംഗ് നിരോധന പോസ്റ്ററുകൾ. കോളേജ് ക്യാമ്പസിനകത്തും വിദ്യാർത്ഥികൾ സമ്മേളിക്കുന്ന ലൈബ്രറി, കാന്റീൻ എന്നീ പൊതുസ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലുള്ള എല്ലാ കോളേജുകളിലും റാഗിംഗിനെതിരെയായബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും എല്ലാ സ്ഥാപനങ്ങളിലും ആന്റി റാഗിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളതുമാണ്. |

ഏതെങ്കിലും പരാതി ലഭിക്കുകയാണെങ്കിൽ പ്രസ്തുത കമ്മിറ്റികൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ പ്രൊഫഷണൽ കോളേജുകൾക്കും സുപ്രീം കോടതി നിർദ്ദേശപ്രകാരം യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മിഷൻ റാഗിംഗിനെതിരെ പുറപ്പെടുവിച്ചിട്ടുള്ള, റഗുലേഷൻ നടപ്പിലാക്കാൻ നിർദ്ദേശം നൽകുകയും അവ നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

| | |
|---|---|
| ബി) ഈ അദ്ധ്യയന വർഷത്തിൽ അത്തരം സംഭവങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആ സംഭവങ്ങളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദ വിവരം നൽകാമോ; | **ബി)** എം.ജി.സർവ്വകലാശാലയിൽ ഈ അദ്ധ്യായനവർഷം മൂന്ന് കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>1. മഹാരാജാസ് കോളേജ് എറണാകുളം<br>a. ഈ കോളേജിൽ നാല് വിദ്യാർത്ഥികളെ റാഗിംഗിന്റെ പേരിൽ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.<br>b. സെപ്തംബർ മാസത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു കേസ്സിൽ അന്വേഷണം പുരോഗമിച്ച് കൊണ്ടിരിക്കുന്നു.<br>2. കാർമൽ എഞ്ചിനിയറിംഗ് കോളേജ്<br>ഈ കോളേജിൽ രണ്ട് വിദ്യാർത്ഥികളെ രണ്ട് ആഴ്ച്ചത്തേയ്ക്ക് അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |

| | |
|---|---|
| സി) ഏതെങ്കിലും വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവർ, അവരുടെ അംഗബലം വർദ്ധിപ്പിക്കുവാൻ നടത്തുന്ന സംഘടനാ പ്രവർത്ത നത്തിന്റെ ഭാഗമായി വിദ്യാർത്ഥീ, വിദ്യാർത്ഥിനികളെ ഭീഷണിപ്പെടുത്തുകയും ദേഹോപദ്രവമേൽപ്പിക്കുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) മാധ്യമങ്ങളിൽ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ പ്രത്യക്ഷപ്പെടുന്നതായി കാണുന്നുണ്ട്. |
| ഡി) ഇത്തരം ആക്രമണത്തി നിരയാവുന്ന കുട്ടികൾ മതിയായ സംരക്ഷണം ലഭിക്കാത്തതിനാൽ വിവരം പുറത്തു പറയാൻ പോലും ഭയപ്പെടുന്ന അവസ്ഥ യുണ്ടെന്ന കാര്യം പരിഗണിച്ചി ട്ടുണ്ടോ; ഈ സ്ഥിതിവിശേഷം മിടുക്കരായ കുട്ടികളുടെ പഠനപോലും തകർക്കാൻ ഇടയാക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ? | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ഇ) വിദ്യാർത്ഥി യൂണിയൻ പ്രവർത്തനമെന്ന പേരിൽ കാമ്പസ്സുകളിൽ സംഘടിപ്പിച്ചു നടത്തുന്ന ഇത്തരം ക്രൂരതകൾക്ക് അറുതി വരുത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന സാഹചര്യം സമാധാനപൂർണ്ണമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഇ) അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ